25/05/2020

3.3.20.

സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം_695 001

Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920

Email: sic.ker@nic.in

ഹർജി നമ്പർ AP.No.2455(6)/2016/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

File No.15471/SIC-Gen5/2016

സന്നിഹിതൻ

ശ്രീ.വിൻസൻ എം.പോൾ, മുഖ്യവിവരാവകാശ കമ്മീഷണർ

Fr. Wilson George,
STECI Parsonage,
29/1515 A, Kottooly P.O.,
Kozhikode.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & ജൂനിയർ സൂപ്രണ്ട് (ജി-സെക്ഷൻ), താലൂക്ക് ഓഫീസ്, കോഴിക്കോട്.

2. അപ്പീൽ അധികാരി & തഹസിൽദാർ, താലൂക്ക് ഓഫീസ്, കോഴിക്കോട്.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 19/09/2016 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 29/06/2016 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 07/10/2016 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 17/10/2016 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 04/12/2016 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ കൈപ്പറ്റിയ തീയതി | 13/12/2016 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 23/01/2017 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | - |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 02/03/2020 - വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, കോഴിക്കോട്. |
| ഹിയറിംഗിലെ സാന്നിദ്ധ്യം:അപ്പീൽ ഹർജിക്കാരൻ | ഹാജരായി |
| എസ്.പി.ഐ.ഒ. | ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ഫാദർ. വിൽസൺ ജോർജ്ജ്, കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ഒന്നാം എതിർകക്ഷി നൽകിയ മറുപടി തൃപ്തികരമായിരുന്നില്ല എന്നും തുടർന്ന് അപ്പീൽ നൽകിയെങ്കിലും വ്യക്തമായ മറുപടി ലഭിച്ചില്ല എന്നും

ആയതിനാൽ നിയമം ലംഘിച്ച എതിർകക്ഷികൾക്കെതിരെ അനുയോജ്യമായ നിയമനടപടികൾ എടുക്കണമെന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

i. താലൂക്ക് ഓഫീസർ മുമ്പാകെ സമർപ്പിച്ച 17606/16/ജി3 നമ്പറിലുള്ള അപേക്ഷയിന്മേൽ എന്തുനടപടി സ്വീകരിച്ചു എന്നും

ii. നെല്ലിക്കോട് വില്ലേജ് ഓഫീസിൽ നിന്നും കൈവശാവകാശ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്നും

iii. നിലവിൽ കോടതി വിധികളോ, നിരോധനമോ ഇല്ലാത്ത 11 വർഷമായി സ്വന്തം പേരിൽ കൂട്ടി കരമടച്ചു കൈവശം വച്ച് അനുഭവിക്കുന്ന നെല്ലിക്കോട് വില്ലേജ് ഓഫീസറുടെ കീഴിലുള്ള സർവ്വെ നം. 58/1എ, 99/1ബി പ്രകാരമുള്ള 21.15 സെന്റ് സ്ഥലത്തിന്റെ കൈവശാവകാശം ലഭിക്കുന്നതിന് എന്തെങ്കിലും നിയമതടസ്സമുണ്ടോ എന്നും ഉണ്ടെങ്കിൽ എന്താണെന്നുമാണ്.

മേൽപ്പടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിലെ 1-ാം ഇനത്തിൽ ചൂണ്ടിക്കാട്ടിയ അപേക്ഷ റിപ്പോർട്ടിനായി നെല്ലിക്കോട് വില്ലേജ് ഓഫീസർക്ക് അയച്ചു നൽകിയിരുന്നു എന്നും വില്ലേജ് ഓഫീസർ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, റിപ്പോർട്ടിൽ പരാമർശിച്ച കോഴിക്കോട് മുൻസിഫ് കോടതിയിലെ ഒ.എസ്.5/2011, 96/15, 597/15, 839/15 എന്നിവയിലെ അന്യായക്കാരനെയും പ്രതികളെയും നേരിൽ കേൾക്കുന്നതിനായി 3.10.2016 തീയതി അഡീഷണൽ തഹസിൽദാർ മുമ്പാകെ ഹാജരാകുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ടെന്നും 2-ാം ഇനം സംബന്ധിച്ച വിവരം നെല്ലിക്കോട് വില്ലേജ് ഓഫീസറിൽ നിന്നും ആരായാവുന്നതാണെന്നും 3-ാം ഇനം സംബന്ധിച്ച് അറിയിച്ചത്, മേൽ പരാമർശിച്ച മുൻസിഫ് കോടതി കേസുകളുടെ നിലവിലുള്ള സ്ഥിതി അറിവായ ശേഷം ഹർജിക്കാരന്റെ അപേക്ഷയിൽ പരാമർശിച്ച സർവ്വെ നമ്പറുകളിൽ കൈവശ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് വില്ലേജ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്നുമാണ്. ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ഒന്നാം എതിർകക്ഷി നൽകിയ മറുപടി വ്യക്തവും തൃപ്തികരവുമല്ല എന്നും ആയതിനാൽ വ്യക്തമായ മറുപടി ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്നും ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അപ്പീൽ അധികാരിയുടെ മേൽവിലാസം നൽകിയിട്ടില്ലെന്നുമാണ്. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി ലഭ്യമായ വിവരങ്ങൾ എല്ലാം നൽകിയതായി കാണുന്നു എന്നും മേൽപ്പടി വിഷയത്തിൽ കൂടുതൽ വ്യക്തത ആവശ്യമുണ്ടെങ്കിൽ ബന്ധപ്പെട്ട ഫയൽ (നോട്ട് ഫയൽ ഉൾപ്പെടെ) നേരിൽ പരിശോധിക്കുന്നതിനുള്ള അവസരം ഹർജിക്കാരന് നൽകേണ്ടതാണെന്നും അപ്പീൽ അധികാരിയുടെ മേൽവിലാസം രേഖപ്പെടുത്താത്തത് ഒന്നാം എതിർകക്ഷിയുടെ ഭാഗത്തു നിന്നുമുണ്ടായ മന:പ്പൂർവ്വമല്ലാത്ത വീഴ്ചയാണെന്നും അത്തരത്തിൽ തെറ്റ് ആവർത്തിക്കരുതെന്ന് ഒന്നാം എതിർകക്ഷിക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നുമാണ്.

RIGHT TO INFORMATION

3. കമ്മീഷൻ മുമ്പാകെ ഹാജരായ അപ്പീൽ ഹർജിക്കാരൻ ബോധിപ്പിച്ചത്, ടിയാൻ ആവശ്യപ്പെട്ട കൈവശാവകാശ സർട്ടിഫിക്കറ്റ് ഈ അവസരത്തിൽ ലഭിച്ചിട്ടുള്ളതാണെന്നും എന്നാൽ മനഃപ്പൂർവ്വമായി ഫയൽ പിടിച്ചു വച്ച് നടപടി സ്വീകരിക്കാതിരിക്കുകയാണ് ചെയ്തിരുന്നത് എന്നും മറ്റുമാണ്. കമ്മീഷൻ മുമ്പാകെ ഹാജരായ നിലവിലെ ഒന്നാം എതിർകക്ഷി ബോധിപ്പിച്ചത്, പരാമർശിത വിഷയത്തിൽ പരാതികൾ ഉണ്ടായിരുന്നു എന്നും ലാ ആഫീസറുടെ ഉപദേശം തേടിയ ശേഷമാണ് നടപടികൾ സ്വീകരിച്ചതെന്നും മറ്റുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിലെ 1, 3 എന്നീ ഇനങ്ങൾ സംബന്ധിച്ച് എതിർകക്ഷി ഓഫീസിൽ ലഭ്യമായ വിവരങ്ങൾ നൽകിയിരുന്നതായി കാണുന്നു. എന്നാൽ ഹർജിക്കാരന്റെ 3-ാം ഇനം സംബന്ധിച്ച് കൂടുതൽ വ്യക്തതയുള്ള വിവരങ്ങൾ നൽകാവുന്നതായിരുന്നു എന്നു കമ്മീഷൻ വിലയിരുത്തുന്നു. ബന്ധപ്പെട്ട കൈവശാവകാശ സർട്ടിഫിക്കറ്റ് നൽകുന്നതിൽ തടസ്സമായി ഉണ്ടായിരുന്ന വസ്തുതകൾ വ്യക്തമായി ഹർജിക്കാരന് നൽകാവുന്നതായിരുന്നു എന്നു കാണുന്നു. അപ്രകാരം തന്നെ കൈവശാവകാശ സർട്ടിഫിക്കറ്റ് ലഭിക്കുന്നത് സംബന്ധിച്ച നടപടിക്രമം വില്ലേജ് ഓഫീസിൽ ലഭ്യമായിരുന്നുവെങ്കിൽ ഹർജിക്കാരന്റെ അപേക്ഷയിലെ 2-ാം ഇനം സംബന്ധിച്ച വിവരം ലഭ്യമാക്കുന്നതിലേക്കായി ഹർജിക്കാരന്റെ അപേക്ഷയുടെ പകർപ്പ് നെല്ലിക്കോട് വില്ലേജ് ഓഫീസിലേക്ക് വിവരാവകാശ നിയമത്തിലെ 6(3) വകുപ്പു പ്രകാരം അയച്ചു നൽകേണ്ടതായിരുന്നു. ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷി ടിയാന്റെ വിശദീകരണം ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷൻ മുമ്പാകെ സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനകം യാതൊരു വിശദീകരണവും ലഭിച്ചിട്ടില്ലെങ്കിൽ ഇക്കാര്യത്തിൽ ടിയാന് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ കമ്മീഷൻ വിവരാവകാശ നിയമത്തിലെ 20(1) വകുപ്പു പ്രകാരമുള്ള അന്തിമ ശിക്ഷാഉത്തരവ് പുറപ്പെടുവിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ ടിയാന് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ടു ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതാണ്.

5. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 മാർച്ച് 3-ാം തീയതി കമ്മീഷൻ താത്ക്കാലികമായി തീർപ്പാക്കുന്നു.

(ഒപ്പ്)
വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *

us